# 2022 MARCH

# Answer Key

## PART - I

### A

**1** . ശകുന്തള ദുഷ്യന്തനോട് പറയുന്നത്.

**2** . അമ്മയുടെ വേദനയും നിലവിളിയും.

**3** . രോഗിയെ കാണാനെത്തിയ സന്ദർശകയെ .

**4** .*ചുറ്റുപാടുകളിൽ നിന്ന് വിഷയങ്ങൾ സ്വീകരിച്ചു.

* ഭാഷയിൽ ഗ്രാമീണത പുലർത്തി.

*സ്ത്രീകളുടെ ദുഃഖത്തെ ആവിഷ്കരിച്ചു.

* കേരളീയതക്കു പ്രാധാന്യം നല്കി.

* നാട്ടുമൊഴികൾ/ വാമൊഴികൾ ധാരാളമായി ഉപയോഗിച്ചു.

* താളം നിത്യജീവിത ചലനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

എന്നിങ്ങനെ ഏതെങ്കിലും **ഒന്ന്** പരിഗണിക്കാം.

**5** . മാജിക്കൽ റിയലിസം.

**6** .* പാത്രത്തിൽ ജലം നിറയുന്നു.

* അഗ്നി ഉദാരനായി കത്തുന്നു.

*അന്നാദികൾ വേഗം പാകം ചെയ്യുന്നു.

* വാടിയ പൂക്കളെ പുനരുജ്ജീവിപ്പിക്കുന്നു.

ഏതെങ്കിലും **ഒന്ന്** എഴുതിയാൽ മതി.

## PART-I

### B

**7** . നിയമങ്ങളെ മാറ്റുന്നതിന്.

**8** . ഹിമാലയ സാമ്രാജ്യത്തിൽ .

**9** . ഹാം റേഡിയോ

**10** . തത്വവിചാരങ്ങളുടെ ഘാതകൻ .

# PART - II

## A

**11** . * തെക്കൻ കേരളത്തിൽ പ്രചരിച്ചിട്ടുള്ള നാടോടി നാടകം.

* സമൂഹത്തിലെ തിന്മകൾക്കെതിരെയുള്ള വിമർശനം.

* ശിവപുരാണവുമായി ബന്ധപ്പെട്ട ഐതിഹ്യം ഇതിവൃത്തമാക്കുന്നു.

* ശിവൻ കാക്കലനായും പാർവതിയും ഗംഗയും കാക്കാലത്തിമാരായും അവതരിക്കുന്നു.

തുടങ്ങി കാക്കാരശ്ശിപ്പാട്ടിന്റെ ഏത് **രണ്ട്** സൂചനകളും പരിഗണിക്കാം.

**12** . * എല്ലാ നേരവും കൃത്യമായി മരുന്നുകൾ കൊടുത്തിട്ടും ഭർത്താവിന്റെ രോഗാവസ്ഥയ്ക്ക് മാറ്റമൊന്നും കാണുന്നില്ല.

* അദ്ദേഹത്തിന് ആഹാരം പോലും ഇറക്കാൻ പറ്റുന്നില്ല.

* തന്നെക്കൊണ്ട് ഒന്നിനും പറ്റുന്നില്ല എന്ന നിരാശയും ശീലാവതിയുണ്ട്.

(ഏതെങ്കിലും **രണ്ട്** സൂചനകൾ മതി)

**13** .* ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ട്.

* ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങൾക്ക് പ്രചോദനം മലയാളം ക്ലാസ്സായിരുന്നു.

**14** .* ഓരോ കടകളിലും വ്യത്യസ്ത ദീപാലങ്കാരങ്ങളായിരുന്നെങ്കിലും ഛായാപടങ്ങൾ സൂക്ഷിച്ചിരുന്ന മുറിയിലെ വെട്ടത്തിന് ഒരേ സ്വഭാവമായിരുന്നു.

* വെളിച്ചത്തിന്റെ ധാരാളിത്തത്തിൽ എല്ലാ ചിത്രങ്ങൾക്കും ഒരേ സ്വഭാവമാകുന്നു.

**15** . * പത്താമത്തെ കുട്ടിയായി – ആർക്കും ആവശ്യമില്ലാത്ത ഒരു ജന്മമാണ് എന്ന ചിന്ത.

* തന്റെ തലകണ്ടപ്പോഴേ ബാപ്പ മരിച്ചു എന്ന നാട്ടുകാരുടെ പറച്ചിൽ .

* തന്റെ വികൃതരൂപം

തുടങ്ങി ഹൈദരലിയ്ക്ക് അവഹേളനം തോന്നിയ ഏതൊരു കാര്യവും പരിഗണിക്കാം.

# PART - II

## B

**16** . *വലിയൊരു തേങ്ങ ഇത്ര പൊക്കത്തീന്ന് തലയിൽ വീണിട്ടും ദേവസ്യ ക്കൊന്നും പറ്റിയില്ല.

* പറ്റിയതു തേങ്ങയ്ക്കായിരുന്നു ; അത് പൊട്ടിക്കീറി അടുത്തുള്ള കുളത്തിലേയ്ക്ക് തെറിച്ചു വീണു.

**17** . ശുചിത്വപാലനം, രോഗപ്രതിരോധം, ..... തുടങ്ങിയ സാമൂഹ്യവിഷയങ്ങളിലേയ്ക്ക് ബഹുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിന് പരസ്യങ്ങൾ കാരണമാവാറുണ്ട്.

**18** . * ഇന്ത്യൻ പ്രധാനമന്ത്രി ശ്രീലങ്കയിൽ കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കേണ്ട എന്നു തീരുമാനിച്ചിരുന്നു.

* രാജ്യതന്ത്രങ്ങൾക്കും വംശീയതർക്കങ്ങൾക്കും അപ്പുറം അത് സ്നേഹാദരങ്ങളുടെ പുരസ്കാരമായിരുന്നു.

## PART - III

## A

**19** .* സിംഹാസനത്തിലിരിക്കുന്ന കേവലരാമനെ പിടലിക്കു പിടിച്ചു തള്ളുന്നു.

* 'അധികാരം ജനങ്ങളിലേക്ക് ' എന്ന സങ്കല്പത്തെയാണ് കൊത്തുവാൾ വലിച്ചെറിയുന്നത്.

* സാധാരണക്കാരന് അടികിട്ടുന്ന നിയമ വ്യവസ്ഥയെ സൂചിപ്പിക്കാൻ ഈ സന്ദർഭം സഹായകമാകുന്നു.

* 'ഇവിടെ ഒരു രാജാവുണ്ടോ? ' എന്ന് കേവലരാമൻ ചോദിക്കുമ്പോൾ ' ഇപ്പോൾ മനസ്സിലായില്ലേ ' എന്ന മറുചോദ്യം ഈ പ്രസ്ഥാവനെയെ സാധൂകരിക്കുന്നു.

**20** .* പുരുഷമേധാവിത്വത്തിനു വഴങ്ങുന്ന പരമ്പരാഗത സ്ത്രീബിംബമാണ് ശീലാവതി.

* സ്വന്തം ജീവിതം ഭർത്താവിനോടുള്ള കർത്തവ്യങ്ങൾക്കു വേണ്ടി മാറ്റിവയ്ക്കുന്നു.

* എന്നിട്ടും കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ള കൊള്ളി വാക്ക് കേൾക്കേണ്ടി വരുന്നു.

*'ജാതകദോഷം ' എന്ന മൂഢവിശ്വാസത്തോട് യോജിക്കേണ്ടതില്ല.

( അനുകൂലിച്ചോ പ്രതികൂലിച്ചോ എഴുതുന്നതിന് മാർക്ക് നല്കാം).

**21** . *സ്വന്തം അച്ഛന്റെയും അമ്മയുടെയും പടമന്വേഷിച്ച് കടയിലെത്തുന്ന ദിവാകരൻ .

* കുട്ടികൾ വരുന്നതോടെ പടമന്വേഷിച്ച ദിവാകരൻ പടം (ഉല്പന്നം ) ആയി മാറുന്നു.

* പ്രശ്നപരിഹാരം തേടുന്നത് സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് എത്തിക്കുന്നു.

* അവകാശങ്ങൾ തലമുറയിലേയ്ക്ക് കൈമാറുന്ന അനുഭവം കഥാന്ത്യത്തിൽ.

(ദിവാകരൻ, കുട്ടികൾ, അവകാശം, അസ്തിത്വപ്രശ്നം തുടങ്ങി ഏതൊരു പരാമർശവും വിലയിരുത്തലും പരിഗണിക്കാം).

**22** .* ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാമെന്ന് മലയാളം ക്ലാസ്സിൽ നിന്ന് മനസ്സിലാക്കി.

* പുതിയ ആശയങ്ങൾ പിറവി എടുക്കുന്നത് മാതൃഭാഷയിലൂടെയാണ്.

* മാതൃഭാഷയിലാണ് ചിന്തിക്കുന്നതും സ്വപ്നം കാണുന്നതും

* ആശയവിനിമയശേഷി പൂർണ്ണമാകുന്നത് മാതൃഭാഷയിലൂടെയാണ്

* മാതൃഭാഷയിലൂടെ ഉന്നത വിദ്യാഭ്യാസം നല്കി വരുന്ന ചൈനയും തായ് വാനും കൊറിയയും ജപ്പാനുമെല്ലാം ലോകവിപണി കീഴടക്കിയിരിക്കുന്നു.

(മാതൃഭാഷയിലൂടെ പുരോഗതി സൂചിപ്പിക്കുന്ന ഏതൊരു കാര്യവും പരിഗണിക്കാം).

**23** .* പുരുഷന്റെ ക്രൂരതയ്ക്കും വഞ്ചനയ്ക്കും പാത്രമാവുന്ന സ്ത്രീത്വം പുലിക്കോട്ടിൽ ഹൈദറിന്റെ രചനകളിലെ പ്രധാന വിഷയമായിരുന്നു.

* 'മറിയക്കുട്ടിയുടെ കത്ത് 'മികച്ച ഉദാഹരണം.

* പാതിവ്രത്യത്തെ സംശയിക്കുമ്പോൾ സ്വയം നിരപരാധിത്വം  വെളിപ്പെടുത്തുന്ന സ്ത്രീ ദുഃഖം ഇതിൽ കാണാം.

* ദുരാചാരമാല, കാതുകുത്തുമാല , പ്രീമർദ്ദിതമാല തുടങ്ങിയ രചനകളും ഉദാഹരണം.

(മറിയക്കുട്ടിയുടെ കത്തിലെ ആശയങ്ങൾ മാത്രം എഴുതിയാലും മുഴുവൻ മാർക്കും നല്കാം).

## PART - III

## B

**24** . *സച്ചിന്റെ വിടവാങ്ങൽ മത്സരത്തെക്കുറിച്ചുള്ള ഫീച്ചർ.

* കഥാരൂപത്തിലുള്ള വർണ്ണനകൾ .

* എന്നാൽ ഭാവനയ്ക്കപ്പുറം വസ്തുതകൾ മനസ്സിലാക്കാൻ സാധിയ്ക്കുന്നു.

* വസ്തുതകളും ആശയങ്ങളും വായനക്കാരുടെ ഉള്ളിൽ ആഴത്തിൽ വീഴുന്നു.

* അറിവും വിനോദവും പകരാൻ സാധിയ്ക്കുന്നു.

( വാംഖഡെയുടെ ഹൃദയത്തുടിപ്പുകളിലെ ഏതെങ്കിലും വർണ്ണനകൾ എടുത്തു പറഞ്ഞ് എഴുതിയാലും പരിഗണിക്കാം).

**25** .* രാവിലെ ഉണർന്ന് പല്ലുതേച്ച് ചായകുടിച്ച് പത്രവുമായി ഇരിക്കുന്ന രീതി മാറി.

* കമ്പ്യൂട്ടറിനു മുന്നിൽ ചെന്നിരുന്ന് സന്ദേശങ്ങൾ നോക്കുക പതിവായി .

* കുളിക്കേണ്ടത് ഒരത്യാവശ്യകാര്യമല്ലാതായി.

* ഏറെനേരം പല സൈറ്റുകളിലും കയറിയിറങ്ങി ആവശ്യമില്ലാത്ത വിവരങ്ങൾ പ്രിന്റ് എടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു.

# PART - IV

## A

**26** .* ടോട്ടോയുടെയും ജോവലിന്റെയും കാട്ജിനെ ഇന്ത്യാസിലെ വീടിന് ഒരു മുറ്റവും ഉൾക്കടലിനോട് ചേർന്ന് ബോട്ടുകളടുപ്പിക്കാവുന്ന സ്ഥലവുമുണ്ടായിരുന്നു.

* ഇപ്പോൾ താമസിക്കുന്ന മാഡ്രിഡ് എന്ന യൂറോപ്യൻ പരിഷ്കൃത നഗരത്തിൽ ഇതൊന്നുമില്ല.

* ഒരു ഫ്ലാറ്റ് സമുച്ചയത്തിലെ അഞ്ചാം നിലയിലുള്ള അപ്പാർട്ട്മെന്റിൽ തിങ്ങിക്കൂടി കഴിയുന്നു.

* ഇവിടെ ആകെയുള്ള വെള്ളം ഷവറിൽ നിന്നു വരുന്നതേ ഉള്ളൂ.

* രണ്ടുകുട്ടികളും കൂടി ക്രിസ്തുമസ് ആയപ്പോൾ തുഴവള്ളം വേണമെന്ന ആവശ്യം ഉന്നയിക്കുകയും; ഞങ്ങൾക്കത് ഇപ്പോൾ ഇവിടെ വേണമെന്ന് വാശിപിടിക്കുകയും ചെയ്തു.

* അവരുടെ പപ്പ അത് വാങ്ങിക്കൊടുക്കുന്നു.

*' പ്രകാശം ജലം പോലെയാണ് ; ടാപ്പ് തുറന്നാൽ മതി കുതിച്ചൊഴുകും' എന്ന പപ്പയുടെ വാക്കുകളുടെ ചിറകിലേറി ഭാവനാ ലോകത്തിൽ രണ്ടു കുട്ടികളും സഞ്ചരിക്കുന്നു.

* പരിഷ്കൃതനഗരത്തിൽ നടപ്പെട്ട സ്വാതന്ത്ര്യത്തെ ഭാവനയിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും തിരിച്ചു പിടിക്കുകയാണ് ഇവിടെ.

**27** .* തിരസ്കൃതനായിട്ടാണ് കലാമണ്ഡലം ഹൈദരലി ജനിച്ചത്.

* വികൃതരൂപിയായ അവൻ നാട്ടിലും കലാമണ്ഡലത്തിലും മെസ്സിലുമെല്ലാം അവഗണന നേരിട്ടു.

* എന്നാൽ ലക്ഷ്യബോധത്തോടെ മുന്നേറി.

* നാട്ടിലെ ക്ലബ്ബുകളിലെ ലളിതഗാന മത്സരഫലം കലാമണ്ഡലത്തിലെത്തുന്നതിന് കാരണമായി.

* ഇന്റർവ്യൂവിന് കൂടെ പങ്കെടുത്തവരേക്കാൾ വൈകിയാണ് ചേർന്നതെങ്കിലും നിരന്തരപരിശ്രമം മികവു നേടുന്നതിനു കാരണമായി.

* ഗുരുക്കന്മാരുടെ അഭിനന്ദനത്തിന് അർഹനായി.

* കഥകളിസംഗീതരംഗത്ത് അനിക്ഷേധ്യ സാന്നിദ്ധ്യമായി വളരാൻ കലാമണ്ഡലം ഹൈദരലിയ്ക്കു സാധിച്ചു.

**28** .* കേശിനിയുടെ ആത്മാർത്ഥതയും സാമർത്ഥ്യവും മൂലമാണ് ദമയന്തിയ്ക്ക് ബാഹുകൻ നളൻ തന്നെയാണ് എന്ന് മനസ്സിലാക്കാൻ സാധിച്ചത്.

* ഋതുപർണ്ണനോടൊപ്പം വന്ന ബാഹുകനരികേ നേരെ ചെന്ന് നാമവും വാർത്തയും ആരായുന്നു.

* ബാഹുകൻ ബുദ്ധിശാലിയും ഫലിതപ്രിയനും പുരുഷരത്നവുമാണെന്നും മനസ്സിലാക്കുന്നു.

* ഏറെനേരം അവനോടു സംസാരിച്ചു തിരിച്ചു എങ്കിലും ഒളിച്ചു നിന്ന് പ്രവർത്തികൾ നിരീക്ഷിക്കുന്നു.

* അന്നാദിപാകം ചെയ്യുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് ജലവും അഗ്നിയും താനെ പ്രത്യക്ഷപ്പെട്ടതും വാടിയപൂക്കൾ പുനർജ്ജനിച്ചതും സൂക്ഷ്മതയോടെ വിവരിക്കുന്നു.

* മറ്റാരും കേൾക്കാതെ ഒറ്റക്ക് മാറ്റിനിർത്തിയാണ് ദമയന്തിയോട് ഇക്കാര്യങ്ങൾ കേശിനി വിവരിക്കുന്നത്.

**29** .* കടുകിന്മണി മാത്രമുള്ള പരദോഷം സ്വദോഷം കാണാതെ കാണുന്നത് പണ്ഡിതന്മാർക്കു പോലുമുള്ള ശീലമാണ്.

* കണ്ണാടികാണുമ്പോളവും തന്നുടെ മുഖമാണ് ഏറ്റവും നല്ലതെന്ന് വിരൂപന്മാർ പോലും ധരിക്കുന്നു.

* സ്വച്ഛജലത്തിൽ കുളിച്ചാലും മദയാനകൾക്ക് പാംസുസ്നാനം കൊണ്ടേ മതിവരൂ .

* സജ്ജനനിന്ദ കൊണ്ടേ ദുർജ്ജനത്തിന് സന്തോഷം വരുകയുള്ളൂ.

* സത്യധർമ്മാദികൾ വെടിഞ്ഞ പുരുഷനെ ഏറ്റവും കൂടുതൽ ഭയപ്പെടണം.

* ശുഭാശുഭമുരചെയ്താൽ അവൻ അശുഭം മാത്രമേ ഉൾക്കൊള്ളുകയുള്ളൂ.

– ഏതെങ്കിലും ലോകോക്തികളെ വ്യാഖ്യാനിച്ച് വിലയിരുത്തിയാൽ മുഴുവൻ മാർക്കിനും പരിഗണിയ്ക്കാം.

## PART - IV

## B

**30**.* കള്ളൻ, മോഷ്ടാവ് എന്നീ പദങ്ങൾ സമാനാർത്ഥകങ്ങളാണെങ്കിലും ധ്വനി വ്യത്യസ്തമാണ്.

* സാരമായതിനെ നിസ്സാരമാക്കുകയും നിസ്സാരമായ കുറ്റങ്ങളെ പെരുപ്പിച്ച് കാണിച്ച് വലിയ കുറ്റങ്ങളെ മറയ്ക്കുകയും ചെയ്യുന്ന സാമൂഹിക–രാഷ്ട്രീയ നിലപാടുകളെ ഈ വിരുദ്ധോക്തിയിലൂടെ പരിഹസിക്കുന്നു.

* ആഹാരം പോലുള്ള അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ചിലർ മോഷ്ടാക്കളായി പ്പോകുന്നു.

* ആന ചോരുന്നതറിയാതെ കടുക് ചോരുന്നത് ചോദ്യം ചെയ്യുന്ന സമൂഹത്തെ ദുരവസ്ഥയിലെ വരികളുടെ പരാവർത്തനത്തിലൂടെ പരിഹസിക്കുന്നു.

* പത്തുരൂപ പോക്കറ്റടിച്ചവൻ കുറ്റവാളിയും കോടികൾ കൈയിട്ടു വാരുന്നവൻ കാര്യപ്രാപ്തനുമാകുന്ന സമകാലിക യാഥാർത്ഥ്യത്തെ വിമർശിക്കുന്നു.

**31** .* നവമാധ്യമങ്ങൾ/സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെപ്പറ്റി സൂചിപ്പിക്കണം.

* ഗുണദോഷങ്ങൾ പരാമർശിക്കാം.

* വാമൊഴിഭാഷ / പ്രഭാഷണശൈലി എഴുത്തുഭാഷയിൽ ഉണ്ടാവണം.

**32** .* വിജ്ഞാനവും വിനോദവും അനുഭവപ്രതീതിയും ഒരുമിച്ച് പ്രദാനം ചെയ്യുന്ന ഒരു സാഹിത്യശാഖ .

* മനുഷ്യ മഹത്വം, സംസ്കാരം, പരിസ്ഥിതിബോധം, ധർമ്മബോധം തുടങ്ങിയവ വളർത്താൻ സഞ്ചാര സാഹിത്യകൃതികൾ സഹായിക്കുന്നു.

* ജനജീവിതവൈവിധ്യങ്ങളും ദേശചരിത്രവും സഞ്ചാരസാഹിത്യകൃതികൾ അനാവരണം ചെയ്യുന്നു.

* സഞ്ചാരം ഒരു കലയായി മാറുന്നത് ഇവിടെ കാണാം.

* സാമൂഹ്യാവബോധ രൂപീകരണത്തിന് സഞ്ചാരസാഹിത്യം സഹായിക്കുന്നു.

* ഭാരതത്തിലെ ജവാന്മാരോടും ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തോടും ആദരവുതോന്നുന്നു.

– എന്നിങ്ങനെ സഞ്ചാരസാഹിത്യകൃതികളെ പൊതുവേയോ രണ്ടു പാഠഭാഗങ്ങളെ ആസ്പദമാക്കിയോ വിലയിരുത്തി എഴുതിയാൽ മുഴുവൻ മാർക്കിനും പരിഗണിക്കാം.

## PART - V

**33** .*' കിരാതവൃത്തം' എന്ന കവിതക്ക് ആസ്വാദനം എഴുതിയാൽ മുഴുവൻ മാർക്കും നല്കാം.

**34** .* അഗ്നിവർണ്ണന്റെ കാലുകളിലെ സാമൂഹ്യ-രാഷ്ട്രീയവിമർശനം വിശകലനം ചെയ്താൽ മുഴുവൻ മാർക്കും നല്കാം.

**35** .* ഗൗളിജന്മം, കണ്ണാടികാണ്മോളവും, കൊള്ളിവാക്കല്ലാതൊന്നും എന്നീ പാഠഭാഗങ്ങളിലെ സ്ത്രീ അവസ്ഥ വിശകലനം ചെയ്യുന്നതിന് മുഴുവൻ മാർക്കും നല്കാം.


**<u>തയ്യാറാക്കിയത്</u>**

**പി ബി വിനോദ് കുമാർ , ടി. ഡി. എച്ച് എസ് എസ്**

**തുറവൂർ, ആലപ്പുഴ.**

Reg. No. : ........................................

Name : ........................................

**SY-08**

# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2022

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

## പാർട്ട് – I

**എ. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

1. "മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും."

താഴെ കൊടുത്തിട്ടുള്ളവയിൽ നിന്നും ഈ വരികളുമായി ബന്ധപ്പെട്ട ശരിയായ സൂചന കണ്ടെത്തുക.

- ദുഷ്ഷന്തൻ ശകുന്തളയോട് പറയുന്നത്
- ശീലാവതി ഭർത്താവിനോട് പറയുന്നത്
- ശകുന്തള ദുഷ്ഷന്തനോട് പറയുന്നത്
- അശരീരിയായി കേൾക്കുന്നത്.

SY-08 1 P.T.O.

2. "ഉലകാകെയുലച്ചും മട്ടിൽ അലറി കാട്ടാളൻ"- കാട്ടാളന്റെ രോഷത്തിനു കാരണമായതെന്ത് ? ശരിയായ സൂചന എടുത്തെഴുതുക.

- അമ്മയുടെ വേദനയും നിലവിളിയും
- ദിക്കുകളുടെ നിറം ചുവക്കുന്നു.
- തുളസിക്കാടുകൾ ഇല്ലാതാക്കുന്നു.
- തേൻശേഖരിക്കാൻ പോയ കുട്ടികൾ തിരിച്ചെത്തിയില്ല.

3. 'ഗൗളിജന്മം' എന്ന കഥയിൽ ഇരുട്ടു കുത്തനെ പതിച്ചതുപോലെ' എന്നു വിശേഷിപ്പിക്കുന്നത്.

- ബുദ്ധനുണ്ടായ ബോധോദയത്തെ
- ആൺഗൗളിയുടെ നോട്ടത്തെ
- ഡോക്ടറുടെ കടന്നു വരവിനെ
- രോഗിയെ കാണാനെത്തിയ സന്ദർശകയെ

4. മാപ്പിളപ്പാട്ടു രചയിതാവ് എന്ന നിലയിൽ പുലിക്കോട്ടിൽ ഹൈദറിനെ ശ്രദ്ധേയനാക്കിയ സവിശേഷതകളിൽ എതെങ്കിലും രണ്ടെണ്ണം എഴുതുക.

5. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിൽ ഗബ്രിയേൽ ഗാർസിയ മാർക്വേസ് പ്രയോജനപ്പെടുത്തിയിരിക്കുന്ന രചനാ സങ്കേതം ഏത് ?

6. ബാഹുകൻ നളൻ തന്നെയാണെന്നുറപ്പാക്കുന്നതിന് സഹായകമായ സവിശേഷതകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

SY-08 2

ബി. 7 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം. (4 × 1 = 4)

7. അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിതയിൽ, മോഷ്ടിച്ചതിനു നിരത്തുന്ന ന്യായവാദങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

- കാണുന്നവരുടെ നാണം കാക്കുന്നതിന്
- നിയമങ്ങളെ മാറ്റുന്നതിന്
- പൊരിച്ചു തിന്നുന്നതിന്
- പാലു കുടിക്കുന്നതിന്

8. താഴെപ്പറയുന്നവയിൽ സഞ്ചാരസാഹിത്യ കൃതി ഏത് ?

- ഹിമാലയ സാമ്രാജ്യത്തിൽ
- കേരളചരിത്രം
- ദൽഹിഗാഥകൾ
- അപരിചിത തീർഥാടകർ

9. താഴെപ്പറയുന്നവയിൽ നവമാധ്യമങ്ങൾക്ക് ഉദാഹരണം അല്ലാത്തതേത് ?

- ഇൻസ്റ്റാഗ്രാം
- ട്വിറ്റർ
- ഫെയ്സ് ബുക്ക്
- ഹാം റേഡിയോ

10. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠത്തിൽ ടി.പി.ശ്രീധരൻ കമ്പ്യൂട്ടറിനെ വിശേഷിപ്പിക്കുന്നത്.

- മേൽവിലാസങ്ങളെ മായ്ക്കുന്നവൻ
- സൈബർ സ്പെയ്സിലെ വാൽനക്ഷത്രം
- തത്ത്വവിചാരങ്ങളുടെ ഘാതകൻ
- തലച്ചോറിനെ തുരുമ്പു പിടിപ്പിക്കുന്നവൻ

## പാർട്ട് – II

**എ. 11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** $(3 \times 2 = 6)$

11. കാക്കാരശ്ശി നാടകത്തിന്റെ രണ്ട് സവിശേഷതകൾ സൂചനകളുടെ രൂപത്തിൽ നൽകുക.

12. "നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമുക്കെല്ലാമോർത്താലാരോടു ചൊല്ലുന്നു ഞാനിക്ലേശം ?" ശീലാവതിയെ വിഷമിപ്പിക്കുന്ന ക്ലേശങ്ങൾ എന്തെല്ലാം ?

13. മലയാളം ക്ലാസിന്റെ സവിശേഷതകളായി ഇ.സി.ജി. സുദർശൻ സൂചിപ്പിക്കുന്നതെന്തെല്ലാം ?

14. മരിച്ചവരുടെ ഛായാപടങ്ങൾ വിൽക്കുന്ന തെരുവിലെ കടകളിൽ പ്രസരിക്കുന്ന വെളിച്ചത്തിനു പിന്നിൽ ഒരു ചതിവുണ്ടെന്നു ദിവാകരന് തോന്നിയതെന്തു കൊണ്ട് ?

15. തിരസ്കൃതനായിട്ടാണ് ഞാൻ ജനിച്ചതും വളർന്നതും", കലാമണ്ഡലം ഹൈദരലി ഇപ്രകാരം കരുതിയതിന്റെ കാരണമെന്താവാം ?

**ബി. 16 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** $(2 \times 2 = 4)$

16. "അയുക്തി ഹാസ്യത്തിന് കാരണമാവാറുണ്ട്", ഈ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ട് സന്ദർഭങ്ങൾ തേങ്ങ' എന്ന കവിതയിൽ നിന്നും കണ്ടെത്തുക.

17. "പരസ്യങ്ങളെ ഒന്നടങ്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പരിഗണിക്കുന്ന ചിലരുടെ നിലപാട് അത്രശരിയല്ല". (മാധ്യമവിചാരം)

    ഡോ. വി. ആർ. പ്രബോധചന്ദ്രൻ ഇപ്രകാരം പറയുന്നതെന്തുകൊണ്ട് ?

18. സച്ചിന്റെ വിടവാങ്ങൽ വേളയിൽ ശ്രീലങ്കൻ സർക്കാർ സമർപ്പിച്ച പുരസ്കാരത്തിന്റെ സവിശേഷപ്രാധാന്യം എന്തായിരുന്നു.

## പാർട്ട് - III

എ. 19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. (3 × 4 = 12)

19. "ജനവിരുദ്ധഭരണകൂടങ്ങളുടെ മർദനോപകരണം മാത്രമായി നിയമവ്യവസ്ഥ മാറുന്നതിനുദാഹരണമാണ് 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലെ കൊത്തുവാൾ", നാടകസന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

20. ഭർത്താവിൽ നിന്ന് താനനുഭവിക്കുന്ന പീഡനങ്ങൾക്കെല്ലാം കാരണം ജാതകദോഷമാണെന്നു കരുതി സമാധാനിക്കുന്ന ശീലാവതിയുടെ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുവോ ? സ്വാഭിപ്രായം വ്യക്തമാക്കുക.

21. ദിവാകരൻ നിൽക്കുന്ന കടസ്സുള്ളിലേക്ക് രണ്ടുകുട്ടികൾ കടന്നുവരുന്നതോടെ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയുടെ ഭാവതലത്തിൽ വരുന്ന മാറ്റം വിലയിരുത്തുന്ന നിരൂപണക്കുറിപ്പ് തയാറാക്കുക.

22. ഇ.സി.ജി. സുദർശന്റെ വാക്കുകൾ വിശകലനം ചെയ്ത് മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ലഘുക്കുറിപ്പെഴുതുക.

23. പുലിക്കോട്ടിൽ ഹൈദർ തന്റെ രചനകളിൽ പുലർത്തിയ സ്ത്രീപക്ഷപാതത്തെ കുറിച്ച് ലഘുവിവരണം നൽകുക.

ബി. 24 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 ന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 4 (1 × 4 = 4)

24. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന പാഠത്തെ സ്പോർട്സ് ഫീച്ചറെന്ന നിലയിൽ ആകർഷകമാക്കുന്ന സവിശേഷതകൾ എന്തെല്ലാം ?

25. ഹോട്ട് മെയിൽ മേൽവിലാസം ഉണ്ടായതോടെ ടി.പി.ശ്രീധരന്റെ ദിനചര്യകളിൽ വന്ന മാറ്റങ്ങൾ സൂചിപ്പിച്ച്, അവയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

## പാർട്ട് - IV

**എ. 26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

26. "നിശ്ചയദാർഢ്യവും ഭാവനാശക്തിയുമുള്ള കുട്ടികളാണ് ടോട്ടോയും ജോവലും. നഷ്ടമായ ബാല്യകാലസൗഭാഗ്യങ്ങളെയും ജന്മദേശത്തെത്തന്നെയും അവയിലൂടെ അവർ വീണ്ടെടുക്കുന്നു", ഈ പ്രസ്താവനയെ മുൻനിർത്തി 'പ്രകാശം ജലം പോലെയാണ്' എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക.

27. 'പദത്തിന്റെ പഥത്തിൽ' എന്ന പാഠം വിശകലനം ചെയ്ത് കലാമണ്ഡലം ഹൈദരലിയുടെ വ്യക്തിത്വ സവിശേഷതകൾ വിവരിക്കുന്ന ലഘൂപന്യാസം തയാറാക്കുക.

28. "ദൂതിയെന്ന അപ്രധാന സ്ഥാനമാണുള്ളതെങ്കിലും ആത്മാർഥതയും സാമർഥ്യവും കൊണ്ട് അനുവാചക മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടാനായ കഥാപാത്രമായി കേശിനി മാറുന്നു.", - കേശിനിമൊഴി എന്ന പാഠത്തെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

29. 'കണ്ണാടി കാൺമോളവും' എന്ന പാഠഭാഗത്തിൽ ശകുന്തളയുടെ ന്യായവാദങ്ങളുടെ ഭാഗമായി കടന്നുവരുന്ന ലോകോക്തികളുടെ സമകാലിക പ്രസക്തി വിലയിരുത്തുന്ന കുറിപ്പ് തയ്യാറാക്കുക.

**ബി. 30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 × 6 = 12)**

30. ഹാസ്യത്തിന്റെ മേമ്പൊടിചേർത്ത് 'മോഷണം' എന്ന കവിത വിമർശന വിധേയമാക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ എന്തെല്ലാം ? വിവരിക്കുക.

31. നവ മാധ്യമങ്ങളുടെ സ്വാധീനം യുവജനങ്ങളിൽ എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയാറാക്കുക.

32. ബദരിയും പരിസരങ്ങളും, യമുനോത്രിയുടെ ഊഷ്മളതയിൽ എന്നീ പാഠങ്ങളെ ആസ്പദമാക്കി സഞ്ചാര സാഹിത്യ കൃതികളുടെ പൊതുസവിശേഷതകൾ ക്രോഡീകരിക്കുക.

## പാർട്ട് – V

**33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം.** (2 × 8 = 16)

33. പരിസ്ഥിതിയെ തകർത്തും പാർശ്വവൽക്കൃതരെ അവഗണിച്ചും നടപ്പിലാക്കപ്പെടുന്ന വികസനം ശരിയായ വികസനമല്ലെന്ന സന്ദേശമാണ് 'കിരാതവൃത്തം' നൽകുന്നത്. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ 'കിരാതവൃത്തം' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

34. 'അഗ്നിവർണന്റെ കാലുകൾ' നാടകത്തിലെ സാമൂഹിക വിമർശനം സമകാലിക പ്രസക്തിയുള്ളതാണോ ? നാടക സന്ദർഭങ്ങൾ വിശകലനം ചെയ്ത് സ്വാഭിപ്രായം വ്യക്തമാക്കുക.

35. "ആൺഗൗളിയുടെ നിഴലിൽ നിന്ന് സ്വതന്ത്ര വ്യക്തിത്വത്തിലേക്കുള്ള പെൺഗൗളിയുടെ വളർച്ചയാണ് 'ഗൗളിജന്മം' എന്ന കഥയിൽ കാണുന്നത്." – ഈ നിരീക്ഷണത്തെ മുൻനിർത്തി ശകുന്തള, ശീലാവതി എന്നീ സ്ത്രീ കഥാപാത്രങ്ങളെ പെൺഗൗളിയുമായി താരതമ്യം ചെയ്യുന്ന ഉപന്യാസം തയാറാക്കുക.

പ്രിയ വിദ്യാർത്ഥികളെ ,

**HSS Mozhi** – ഹയർ സെക്കണ്ടറി മലയാളം അധ്യാകരുടെ ഒരു കൂട്ടായ്മയാണ്. + 1 , +2 മലയാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠന വിഭവങ്ങൾ ഞങ്ങൾ തയ്യാറാക്കുന്നു.

– മൂന്ന് തലത്തിലാണ് അവ ആസൂത്രണം ചെയ്തിരിക്കുന്നത്.

1 . **YouTube Channel** – പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെയും ടീച്ചർ ടെക്സ്റ്റിനെയും കൃത്യമായി പിന്തുടരുന്ന വീഡിയോ ക്ലാസുകൾ ചാനലിൽ ലഭ്യമാക്കിയിരിക്കുന്നു. **Link : –** Click Here

2 . **Telegram Channel** : + 1 , +2 ക്ലാസുകൾക്ക് വെവ്വേറെ ചാനലുകൾ ഉണ്ട്. യു ട്യൂബ് ചാനലിലെ ക്ലാസുകൾ ക്രമമായി ഇവിടെ കാണാം. കൂടാതെ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ , ആഡിയോകൾ, വീഡിയോകൾ , മാതൃകാ ചോദ്യങ്ങൾ, ചോദ്യോത്തരങ്ങൾ , നോട്ട് ഉടങ്ങിയവ ഇവിടെ ലഭ്യമായിരിക്കും. **+2 Channel Link** : Click Here

3 . **Note** – ഓരോ പാഠഭാഗത്തിന്റെയും നോട്ട് തയ്യാറാക്കിയിരിക്കുന്നു.

വീഡിയോ ക്ലാസുകളും നോട്ടും ഉപയോഗിച്ച് പഠനം മുന്നോട്ട് കൊണ്ടുപോവുക. ഫുൾ സ്കോർ നേടാൻ അവ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും.

സ്നേഹത്തോടെ,
**hssMozhi**

**Pl Visit Our Online Malayalam Books Shop**
https://www.amazon.in/shop/highersecondarymalayalamclass


PALAMA
പലമ
സ്കൂൾ വിദ്യാർത്ഥികളുടെ രചനകൾ മാത്രം
പ്രസിദ്ധീകരിക്കുന്ന ഒരിടം
ഉടൻ
പ്രസിദ്ധീകരണം
ആരംഭിക്കുന്നു
രചനകൾ വാട്സ് ആപ്പ് , ഇ മെയിൽ
എന്നിവയിലൂടെ അയയ്ക്കാവുന്നതാണ്. pdf വേണ്ട . ക്ലാസ്
ടീച്ചറുടെ സാക്ഷ്യപത്രം വേണം . തെരഞ്ഞെടുക്കുന്നവ
വിലയിരുത്തൽ കുറിപ്പോടുകൂടി
E Book ആയി Amazon ൽ പ്രസിദ്ധീകരിക്കുന്നതാണ്.
E Mail : epublica2020@gmail.com
WhatsApp : 79024 79435
e publica
www.epublicatvm.com
ഒരു E PUBLICA TRIVANDRUM പ്രസിദ്ധീകരണം


PALAMA
പലമ
സ്കൂൾ വിദ്യാർത്ഥികളുടെ രചനകൾ മാത്രം
പ്രസിദ്ധീകരിക്കുന്ന ഒരിടം
രചനകൾ വാട്സ് ആപ്പ് , ഇ മെയിൽ
എന്നിവയിലൂടെ അയയ്ക്കാവുന്നതാണ്. pdf വേണ്ട .
ക്ലാസ് ടീച്ചറുടെ സാക്ഷ്യപത്രം വേണം .
തെരഞ്ഞെടുക്കുന്നവ വിലയിരുത്തൽ കുറിപ്പോടുകൂടി
E Book ആയി Amazon ൽ പ്രസിദ്ധീകരിക്കുന്നതാണ്.
രചനകൾ
WhatsApp ചെയ്യാൻ
1. P M നാരായണൻ ( 94464 52802 ) പാലക്കാട്, കോഴിക്കോട്
2. C V സുരേഷ് ( 94460 39937 ) തിരുവനന്തപുരം, തൃശൂർ
3. ശിവകുമാർ R P ( 94477 61425 ) കണ്ണൂർ, കാസർഗോഡ്
4. വിനോദൻ T P ( 90489 42433 ) മലപ്പുറം, വയനാട്
5. അജയകുമാർ B ( 94478 03292 ) കൊല്ലം, പത്തനംതിട്ട
6. വിനോദ്കുമാർ P B ( 90482 86010 ) എറണാകുളം, കോട്ടയം
7. അജിതകുമാരി T R ( 94968 17476 ) ഇടുക്കി
8. രേഖ ആർ താങ്കൾ ( 95390 33525 ) ആലപ്പുഴ
ഉടൻ
പ്രസിദ്ധീകരണം
ആരംഭിക്കുന്നു
e publica
e book publishing desk
www.epublicatvm.com
E Mail : epublica2020@gmail.com
WhatsApp : 79024 79435
ഒരു E PUBLICA TRIVANDRUM പ്രസിദ്ധീകരണം